കാലാവധി പൂർത്തിയാക്കിയിട്ടുള്ള തടവുകാരെ പോലീസ്/പ്രൊബേഷൻ റിപ്പോർട്ടുകൾകൂടി പരിഗണിച്ച് ലഭ്യമാക്കുന്ന ശിപാർശ സ്വീകരിച്ചാണ് ജീവപര്യന്തം തടവുകാർക്ക് അകാലവിടുതൽ നൽകുന്നത്. ആയതിനാൽ എത്ര ജീവപര്യന്തം തടവുകാരെ വിട്ടയയ്ക്കുമെന്ന് മുൻകൂട്ടി തീരുമാനിക്കുവാൻ സാധിക്കുകയില്ല.

ഹർത്താൽ ദിനത്തിൽ ചാലക്കുടി മണ്ഡലത്തിലെ ആക്രമണം

273 (283) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂർക്കനാട് സംഭവത്തെ തുടർന്ന്, ഹിന്ദു ഐക്യവേദി ആഹ്വാനംചെയ്ത ഹർത്താൽ ദിനത്തിൽ, ചാലക്കുടി മണ്ഡലത്തിലെ 4 കപ്പേളകളും ഒരു പള്ളിയും കല്ലെറിഞ്ഞ് ആക്രമണം നടത്തിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്നും ഈ കേസ്സിൽ ഏതെങ്കിലും പ്രതികളെ പിടികൂടിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) ഇരിങ്ങാലക്കുട എസ്.ഐ.-യുടേയും, സഹോദരന്റേയും വെറ്റിലപ്പാറയിലെ വസതിക്കു നേരെയുള്ള ആക്രമണം ,ബൈക്ക് കത്തിക്കൽ എന്നിവയെത്തുടർന്ന് എസ്.ഐ-യ്ക്ക് പുതുതായി ബൈക്ക് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) മൂർക്കനാട് സംഭവത്തെ തുടർന്ന് ഹിന്ദു ഐക്യവേദി ആഹ്വാനം ചെയ്ത ഹർത്താലിനോടനുബന്ധിച്ച് ചാലക്കുടി മണ്ഡലത്തിലെ 4 കപ്പേളകൾ ആക്രമിച്ചതിന് ചാലക്കുടി പോലീസ് സ്റ്റേഷനിൽ 4 കേസുകൾ രജിസ്റ്റർ ചെയ്തു. ടി കേസ്സുകളിലെ പ്രതികളെ ആരെയും തിരിച്ചറിയുവാനോ അറസ്റ്റ് ചെയ്യുവാനോ സാധിച്ചിട്ടില്ല. പ്രസ്തുത കേസ്സുകൾ 'undetected' ആയി കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ചുണ്ടായ ഇരിങ്ങാലക്കുട എസ്.ഐ.-യുടെ വസതി ആക്രമിച്ച കേസിൽ 2 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഇരിങ്ങാലക്കുട എസ്.ഐ.-യുടെ വീടിനുനേരെയുള്ള ആക്രമണത്തിൽ അഗ്നിക്കിരയാക്കിയ ബൈക്കിന് പകരം പുതിയ ബൈക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവി ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച തീരുമാനമൊന്നും ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly